



തൃശ്ശിവപേരൂർ
15-01-2022

പ്രിയ ഭക്തജനങ്ങളെ,

പാറമേക്കാവ് ഭഗവതി ക്ഷേത്രത്തിൽ ആദ്യമായി നടത്തുന്ന സ്വർണ്ണ ധ്വജപ്രതിഷ്ഠയും കലശവും തുടർന്നുവരുന്ന ഉത്സവച്ചടങ്ങുകളും 2022 ഫെബ്രുവരി 10-ന് കൊടികയറി എട്ട് ദിവസത്തെ ഉത്സവം കുംഭമാസത്തിലെ പൂരം നക്ഷത്രം സന്ധ്യയ്ക്ക് വരുന്ന ദിവസം ആറാട്ടു പ്രധാനമായി പ്രശസ്ത കലാകാരൻമാരെ ഉൾപ്പെടുത്തി ചെമ്പട, ചെമ്പ, അടന്ത, അഞ്ചടന്ത, ധ്രുവം, പഞ്ചാരി, പഞ്ചവാദ്യം, പാണ്ടിമേളം എന്നീ വാദ്യ ഘോഷങ്ങളോടും, ശീവേലി, വിളക്കാചാരം, ഉത്സവബലി, പള്ളിവേട്ട, ആറാട്ട് തുടങ്ങിയ ആചാരങ്ങളോടുംകൂടി പ്രൗഢഗംഭീരമായി ആഘോഷിക്കുകയാണ്. ഇതോടുകൂടി ഒരേ ദേവതയ്ക്കുമുമ്പിൽ വേലയും പൂരവും ഉത്സവവും കൊണ്ടാടപ്പെടുന്ന ഏക ഭഗവതീക്ഷേത്രമെന്ന ഖ്യാതിയും പാറമേക്കാവിന് സ്വന്തമാവുകയാണ്. ഈ സന്ദർഭത്തിൽ എല്ലാ ഭക്തജനങ്ങളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് അകമഴിഞ്ഞ സഹായസഹകരണങ്ങൾ നൽകി ഭഗവതിയുടെ ധ്വജ പ്രതിഷ്ഠാ കലശവും ഉത്സവവും വിജയപ്രദമാക്കി ദേവിയുടെ കൃപാകടാക്ഷങ്ങൾക്ക് പാത്രീഭൂതരാകുവാൻ സവിനയം അഭ്യർത്ഥിക്കുന്നു.

പാറമേക്കാവ് ദേവസ്വത്തിനു വേണ്ടി

| പ്രസിഡന്റ് | സെക്രട്ടറി |
|---|---|
| കെ. സതീഷ് മേനോൻ | ജി. രാജേഷ് |

അതാത് സമയങ്ങളിൽ ജില്ലാ ഭരണകൂടം നിർദ്ദേശിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കും എല്ലാ ചടങ്ങുകളും നടക്കുന്നത്.

## പാറമേക്കാവ് ക്ഷേത്രത്തിലെ

# സ്വർണ്ണ ധ്വജ പ്രതിഷ്ഠാ കലശവും ഉത്സവവും

ക്ഷേത്രത്തിൽ നടത്തിയ അഷ്ടമംഗല പ്രശ്ന വിധിയിൽ പരാമർശിച്ചിട്ടുള്ളതുപ്രകാരം ധ്വജ സ്ഥാനാധിപൻ ലഗ്നത്തിൽ ഉച്ചസ്ഥനായി രാജയോഗ പ്രധാനിയായി നിൽക്കുന്നതുകൊണ്ട് ശ്രേഷ്ഠമായ ഒരു സ്വർണ്ണ ധ്വജം പ്രതിഷ്ഠിച്ച് ഉത്സവം നടത്തേണ്ടത് ഭഗവതിക്ക് ഏറ്റവും പ്രീതികരവും അത്യാവശ്യവുമാണെന്ന് കാണുകയുണ്ടായി. തന്ത്രിമുഖ്യനും



തച്ചുശാസ്ത്ര വിദഗ്ധനുമായ ബ്രഹ്മശ്രീ വേഴപറമ്പ് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടിനെ സ്ഥപതിയായി നിർദ്ദേശിച്ച് അദ്ദേഹം തയ്യാറാക്കിയ കണക്കുകൾ പ്രകാരം ശില്പിയായി എളവള്ളി നന്ദനാചാരിയെ നിയോഗിച്ച് തേക്കുമരത്തിനായി അന്വേഷിച്ച് 2019 ഒക്ടോബർ 13-ന് അച്ചൻകോവിൽ ആറിന്റെ തീരത്തെ കോന്നി കുമ്മണ്ണൂർ വന മേഖലയിൽ ഉള്ള കല്ലേല്ലി തോട്ടത്തിൽ നിന്നുള്ള തേക്കുമരം കണ്ട് ബോദ്ധ്യപ്പെട്ടു. 2019 നവംബർ 5-ന് ദേവഹിതം നോക്കിയപ്പോൾ വൃശ്ചിക ലഗ്നത്തിൽ ബുധ ശുക്രൻമാരും രണ്ടിൽ വ്യാഴവും ചൊവ്വ ബുധൻ പതിനൊന്നിലും വരികയാൽ ഭഗവതിക്ക് പ്രീതികരമാണെന്നും കാണുകയുണ്ടായി. വനപാലകരുടെ അനുമതിയോടുകൂടി 12-11-2019തിയ്യതി കല്ലേലി ഊരാളി അപ്പൂപ്പനെ വനകുല ദേവനായി ഉപാസിച്ച് പോരുന്ന ആദിവാസി മൂപ്പനെ ക്കൊണ്ട് താംബൂല സമർപ്പണം ചെയ്ത് വൃക്ഷാരാധന ചെയ്യിച്ച് അനുജ്ഞ വാങ്ങി തേക്കുമരത്തിൽ തിരുപട്ടുടയാട ചാർത്തി. 12-12-2019 തിയതി കാലത്ത് 8 മണിക്കും9.45നും മദ്ധ്യേയുള്ള ധനു രാശി ശുഭ മുഹൂർത്തത്തിൽ കല്ലേല്ലി ഊരാളി അപ്പൂപ്പന് വഴിപാടായി പടയനി കഴിച്ച് ക്ഷേത്രം തന്ത്രി



ബ്രഹ്മശ്രീ പുലിയന്നൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് വൃക്ഷ പൂജയും ദിക്ക്ബലിയും കഴിച്ചതിനുശേഷം ശില്പി വൃക്ഷം മുറിക്കുന്നതിനുള്ള അനുജ്ഞ വാങ്ങി പൂജ കഴിച്ച് ശാഖോപശാഖകൾ നീക്കം



ചെയ്തതിനുശേഷം ഈശാന കോണിൽ നിന്നും പ്രദക്ഷിണമായി മരം വെട്ടി കട ഭാഗം ഛേദിച്ച് നിലംപതിക്കാതെ വാഹനത്തിൽ കയറ്റി. തുടർന്ന് ധ്വജഘോഷയാത്രയായി പുറപ്പെട്ട് 2019 ഡിസംബർ 15 -ന് രാവിലെ 10 മണിക്ക് ക്ഷേത്രസന്നിധിയിൽ എത്തി വായു കോണിൽ തയ്യാറാക്കിയ പന്തലിൽ സൂക്ഷിച്ചു. ആയതിനുശേഷം പണികൾ പൂർത്തീകരിച്ച് 2020 മെയ് 27-ന് എസ്.എൻ.എ. ഔഷധശാലയിൽ തയ്യാറാക്കിയ ഔഷധക്കൂട്ടുപയോഗിച്ച് തൈലാധിവാസം ചെയ്തു. ഇതോടൊപ്പം തന്നെ മാന്നാർ പരുമല അനന്തനാചാരിയെ കൊടിമരത്തിന്റെ ചെമ്പ്, പഞ്ചലോഹ, സ്വർണ്ണപ്പണികളുടേയും പത്മ പാദത്തോട് കൂടിയ പഞ്ചവർഗ്ഗത്തറയുടേയും നിർമ്മാണ ചുമതലകൾ ഏല്പിച്ചു. 2021 മാർച്ച് 20 ന് ഭഗവതിയുടെ പ്രതിഷ്ഠാ ദിവസം ക്ഷേത്ര സങ്കേതത്തിൽ വെച്ച് വേതാള വാഹനവും, അഷ്ടദിക്ക് പാലകരുടേയും ദിക്ക്ഗജങ്ങളുടേയും പഞ്ചലോഹ നിർമ്മിതിയും നടന്നു. പിന്നീട് 2021 ഏപ്രിൽ 6 മുതൽ പത്തിലധികം കിലോയോളം തങ്കം അടിച്ചു പരത്തി നേർത്ത തകിടുകൾ ആക്കുന്ന പ്രവൃത്തികൾ ആരംഭിച്ചു. 29-10-2021 തിയ്യതി തൈലാധിവാസം കഴിഞ്ഞ തേക്കുമരം എണ്ണത്തോണിയിൽ നിന്നും പുറത്തെടുത്തു. 2021 നവംബർ 8-ന് പണികൾ പൂർത്തീകരിച്ച ചെമ്പ് പറകളും വെണ്ടയങ്ങളും പഞ്ചലോഹനിർമ്മിതമായ വേതാള വാഹനവും അഷ്ടദിക്ക് പാലകരേയും ദിക്ക്ഗജങ്ങളേയും മാന്നാറിൽ നിന്ന് ക്ഷേത്ര സങ്കേതത്തിലേക്ക് കൊണ്ടു വന്ന് 2021 നവംബർ 9 മുതൽ





അടിച്ചു പരത്തിയ തങ്കത്തകിടുകൾ പതിക്കുന്ന പണികൾ ആരംഭിച്ചു. 2021 നവംബർ 17-ന് ക്ഷേത്ര ഉത്സവത്തിന് ആവശ്യമായ പഴുക്കാമണ്ഡപം പണികൾ പൂർത്തീകരിച്ച് കൊണ്ടുവന്നു. 2021 നവംബർ 22 ന് രാവിലെ 6.45നും 7.30നും ഇടയ്ക്കുള്ള ശുഭ മുഹൂർത്തത്തിൽ ആധാരശിലാവിന്യാസം ചെയ്ത് 2021 നവംബർ 28 ന് കൊടിമരം നാട്ടി. പദ്മപാദത്തോട് കൂടിയ പഞ്ചവർഗ്ഗത്തറയുടെ പണികൾ 2021 ഡിസംബർ 18 ന് പൂർത്തീകരിച്ചു.



2022 ജനുവരി 31 മുതൽ ധ്വജപ്രതിഷ്ഠ കലശം ആരംഭിച്ച് 2022 ഫെബ്രുവരി 7 - ന് അശ്വതി നക്ഷത്രം മൂന്നാം പാദം മീനം ലഗ്നത്തിൽ രാവിലെ 10നും 10.40 നും ഇടയിലുള്ള വസുമുഹൂർത്തത്തിൽ ധ്വജ വാഹനപ്രതിഷ്ഠ. കലശത്തിനുശേഷം 2022 ഫെബ്രുവരി 10 - ന് ദീപാരാധനക്കുശേഷം തിരുവുത്സവം കൊടി കയറി കുംഭമാസത്തിലെ പൂരം നക്ഷത്രം സന്ധ്യക്ക് വരുന്ന ദിവസം ആറാട്ട് പ്രധാനമായി എട്ട് ദിവസത്തെ ഉത്സവാഘോഷങ്ങളാണ് നടക്കുന്നത്.

















## പാറമേക്കാവ് ക്ഷേത്രത്തിലെ

# ധ്വജപ്രതിഷ്ഠ, കലശം ചടങ്ങുകൾ

## 2022 ജനുവരി 31 മുതൽ ഫെബ്രുവരി 10 വരെ

## കാര്യപരിപാടികൾ

### 2022 ജനുവരി 31 (1197 മകരം 17) തിങ്കൾ

| | |
|---|---|
| വൈകീട്ട് | ദീപാരാധനക്കു ശേഷം **ആചാര്യവരണം**, മുളയിടൽ, പ്രാസാദശുദ്ധി, അസ്ത്രകലശപൂജ, രാക്ഷോഘ്നഹോമം, വാസ്തുഹോമം, വാസ്തുകലശപൂജ, വാസ്തുബലി, വാസ്തുകലശാഭിഷേകം, വാസ്തുപുണ്യാഹം, അത്താഴപൂജ |

### 2022 ഫെബ്രുവരി 1 (1197 മകരം 18) ചൊവ്വ

| | |
|---|---|
| രാവിലെ 5 മണിക്ക് | നടതുറക്കൽ |
| | ഗണപതിഹോമം, ഉഷഃപൂജ, മുളപൂജ, ചതുശുദ്ധി, വലിയചതുശുദ്ധി, ധാര, ഉച്ചപൂജ |
| വൈകീട്ട് | ദീപാരാധന, മുളപൂജ, അത്താഴപൂജ |

### 2022 ഫെബ്രുവരി 2 (1197 മകരം 19) ബുധൻ

| | |
|---|---|
| രാവിലെ 5മണിക്ക് | നടതുറക്കൽ |
| | ഗണപതിഹോമം, ഉഷഃപൂജ, മുളപൂജ,ധാര, ഉച്ചപൂജ |
| വൈകീട്ട് | ദീപാരാധന, സ്ഥലശുദ്ധി, മുളപൂജ, അത്താഴപൂജ |

### 2022 ഫെബ്രുവരി 3 (1197 മകരം 20) വ്യാഴം

| | |
|---|---|
| രാവിലെ 5 മണിക്ക് | നടതുറക്കൽ |
| | ഗണപതിഹോമം, ഉഷഃപൂജ, മുളപൂജ, ധാര, അവഗാഹം, പഞ്ചകം, മഹാപഞ്ചകം, പുണ്യാഹം, വിശേഷാൽ പുണ്യാഹം, പ്രോക്തഹോമം, ഹോമകലശാഭിഷേകം, ഉച്ചപൂജ |
| വൈകീട്ട് | ദീപാരാധന, സ്ഥലശുദ്ധി, മുളപൂജ, അത്താഴപൂജ |

### 2022 ഫെബ്രുവരി 4 (1197 മകരം 21) വെള്ളി

| | |
|---|---|
| രാവിലെ 5 മണിക്ക് | നടതുറക്കൽ |
| | ഗണപതിഹോമം, ഉഷഃപൂജ, മുളപൂജ, പ്രായശ്ചിത്തഹോമം, ശാന്തിഹോമം, അത്ഭുതശാന്തിഹോമം, നായശാന്തിഹോമം, ചോരശാന്തിഹോമം, ഹോമകലശാഭിഷേകങ്ങൾ, ഉച്ചപൂജ |
| വൈകീട്ട് | ദീപാരാധന, സ്ഥലശുദ്ധി, മുളപൂജ, അത്താഴപൂജ |

### 2022 ഫെബ്രുവരി 5 (1197 മകരം 22) ശനി

| | |
|---|---|
| രാവിലെ 5 മണിക്ക് | നടതുറക്കൽ |
| | ഗണപതിഹോമം, ഉഷഃപൂജ, മുളപൂജ, തത്വഹോമം, തത്വകലശപൂജ, അനുജ്ഞാകലശപൂജ, **വാഹനപരിഗ്രഹം (ദർശനം പ്രധാനം)**, ജലാധിവാസം, ബിംബശുദ്ധി, കലശപൂജ, അധിവാസം, പാണികൊട്ടി **തത്വകലശാഭിഷേകം (ദർശനം പ്രധാനം)** ഉച്ചപൂജ |
| വൈകീട്ട് | ദീപാരാധന, അധിവാസഹോമം, ചതുർത്ഥന് മുളയിടൽ, മുളപൂജ, കലശാധിവാസം, അത്താഴപൂജ, **അധിവാസപ്രാർത്ഥന (ദർശനം പ്രധാനം)** |





## 2022 ഫെബ്രുവരി 6 (1197 മകരം 23) ഞായർ

രാവിലെ 5 മണിക്ക് — നടതുറക്കൽ

ഗണപതിഹോമം, ഉഷഃപൂജ, മുളപൂജ, അധിവാസം വിടർത്തൽ, പരികലശാഭിഷേകം, പാണികൊട്ടി **അനുജ്ഞാബ്രഹ്മകലശാഭിഷേകം (ദർശനം പ്രധാനം), വാഹനം ശയ്യയിലേക്ക് എഴുന്നള്ളിക്കൽ (ദർശനം പ്രധാനം)**

വൈകീട്ട് — ദീപാരാധന, മുളപൂജ, അധിവാസഹോമം, ധ്വജാധിവാസം, വാഹനത്തിന് ധ്യാനാധിവാസം, അധിവാസപൂജ, അത്താഴപൂജ

## 2022 ഫെബ്രുവരി 7 (1197 മകരം 24) തിങ്കൾ

രാവിലെ 5 മണിക്ക് — നടതുറക്കൽ

ഗണപതിഹോമം, ഉഷഃപൂജ, മുളപൂജ, അധിവാസം വിടർത്തി പൂജ, പാണികൊട്ടി വാഹനം എഴുന്നള്ളിക്കൽ, **രാവിലെ 10 നും 10.40 നും ഇടയിലുള്ള മുഹൂർത്തസമയത്ത് വാഹനപ്രതിഷ്ഠ, കലശാഭിഷേകങ്ങൾ (ദർശനം പ്രധാനം), ധ്വജപ്രതിഷ്ഠ (ദർശനം പ്രധാനം)**, കലശാഭിഷേകങ്ങൾ, ഉച്ചപൂജ, ശീവേലി, പ്രതിഷ്ഠാദക്ഷിണ

വൈകീട്ട് — ദീപാരാധന, മുളപൂജ, അത്താഴപൂജ, മേൽക്കാവിൽ പ്രാസാദശുദ്ധി, അത്താഴപൂജ

## 2022 ഫെബ്രുവരി 8 (1197 മകരം 25) ചൊവ്വ

രാവിലെ 5 മണിക്ക് — നടതുറക്കൽ

ഗണപതിഹോമം, ഉഷഃപൂജ, മുളപൂജ, ഉച്ചപൂജ, മേൽക്കാവിൽ ഉഷപൂജ, ബിംബശുദ്ധികലശപൂജ, അഭിഷേകം, ദ്രവ്യകലശപൂജ, **അഭിഷേകം (ദർശനം പ്രധാനം)** ഉച്ച പൂജ

വൈകീട്ട് — ദീപാരാധന, മുളപൂജ, അത്താഴപൂജ

## 2022 ഫെബ്രുവരി 9 (1197 മകരം 26) ബുധൻ

രാവിലെ 5മണിക്ക് — നടതുറക്കൽ

ഗണപതിഹോമം, ഉഷഃപൂജ, മുളപൂജ, തത്വഹോമം, തത്വകലശപൂജ, പ്രോക്തഹോമം, പ്രായശ്ചിത്തഹോമം, ശാന്തിഹോമം, ഉച്ചപൂജ, സഹസ്രകലശമണ്ഡപത്തിൽ മണ്ഡപസംസ്കാരം, കുംഭേശ - കർക്കരീ പൂജ, ചതുർത്ഥകലശപൂജ, പരികലശപൂജ

വൈകീട്ട് — ദീപാരാധന, അധിവാസഹോമം, കലശാധിവാസം, അത്താഴപൂജ, **അധിവാസപ്രാർത്ഥന (ദർശനം പ്രധാനം)**

## 2022 ഫെബ്രുവരി 10 (1197 മകരം 27) വ്യാഴം

രാവിലെ 5 മണിക്ക് — നടതുറക്കൽ

**നടതുറക്കൽ (ദർശനം പ്രധാനം)**, കണി കാണിക്കൽ, പ്രോക്ത - പ്രായശ്ചിത്ത - ശാന്തി കലശാഭിഷേകങ്ങൾ, പാണി കൊട്ടി തത്വകലശാഭിഷേകം, സഹസ്രകലശാഭിഷേകം, അവസ്രാവം തളിച്ച് ശ്രീഭൂതബലി





## പാറമേക്കാവ് ക്ഷേത്രത്തിലെ അങ്കുരാദി

# ഉത്സവച്ചടങ്ങുകൾ

## 2022 ഫെബ്രുവരി 10 മുതൽ 17 വരെ

**(1197 മകരം 27 മുതൽ കുംഭം 5 വരെ)**

## കാര്യപരിപാടികൾ

### 2022 ഫെബ്രുവരി 1 0 (1197 മകരം 27) വ്യാഴം — കൊടിയേറ്റം

കൊടിയേറ്റ ദിവസം

ദീപാരാധനക്കുശേഷം ആചാര്യവരണം മുളയിട്ട് കൊടിക്കൂറ പൂജിച്ചു കൊണ്ട് വന്ന് ക്ഷേത്രം തന്ത്രിയാൽ കൊടിയേറ്റം നടത്തി അത്താഴപൂജക്കുശേഷം ശ്രീഭൂതബലിക്ക് തിടമ്പ് എഴുന്നള്ളിച്ച് ബലിക്കു ശേഷം കൊടിപ്പുറത്തു വിളക്ക് കഴിച്ച് തിടമ്പ് അകത്തേക്ക് എഴുന്നള്ളിക്കുന്നു.

**അഷ്ടപദി – ശ്രീ. അമ്പലപ്പുഴ വിജയകുമാർ**

**(എല്ലാ ദിവസവും ഉണ്ടായിരിക്കും)**

**പഞ്ചാരി മേളം – ശ്രീ. ചേറൂർ രാജപ്പൻമാരാർ**



### 2022 ഫെബ്രുവരി 1 1 (1197 മകരം 28) വെള്ളി

കാലത്ത് 4 ന്

നടതുറക്കൽ ശേഷം മുളപൂജ, ഉഷഃപൂജ, ദിക്ധ്വജങ്ങൾ സ്ഥാപിക്കൽ, ശീവേലി.

**ചെമ്പടമേളം – പത്മശ്രീ പെരുവനം കുട്ടൻമാരാർ.**

നവകം, പഞ്ചഗവ്യം, ഉച്ചപൂജ, ശ്രീഭൂതബലി.

ഉച്ച തിരിഞ്ഞ് 4 ന്

കാഴ്ചശീവേലി

വൈകീട്ട്

ദീപാരാധന, മുളപൂജ, അത്താഴപൂജ, ശ്രീഭൂതബലി കഴിഞ്ഞ് വിളക്കെഴുന്നള്ളിപ്പ് തൃപുടതാളത്തിൽ സകലവാദ്യത്തോടെ കൊട്ടി പുറപ്പെട്ട് വിളക്കാചാരം കൊട്ടി വെച്ച് കൊടിമരത്തിന്റെ മുമ്പിൽ പഴുക്കാമണ്ഡപത്തിൽ എഴുന്നള്ളിച്ചു വെച്ചാൽ വിസ്തരിച്ചു കേളിയും അടിയന്തിരമായി കൊമ്പുപറ്റും കുഴൽപറ്റും കഴിഞ്ഞാൽ ആനപ്പുറത്തേക്ക് എഴുന്നള്ളിച്ച് മേളത്തോടു കൂടിയ പ്രദക്ഷിണം തുടർന്ന് ഏകതാളപ്രദക്ഷിണം, ഒരു കീർത്തനം അഷ്ടപദിക്കു ശേഷം സകലവാദ്യത്തോടു കൂടിയ ഇടയ്ക്ക പ്രദക്ഷിണം വലംതലയോടു കൂടിയ നാദസ്വരപ്രദക്ഷിണം.



രാത്രി 8.15ന്

**ഡബിൾ കേളി**

**ചെണ്ട: ശ്രീ പനമണ്ണ ശശി, ശ്രീ മട്ടന്നൂർ ശ്രീരാജ്.**

**മദ്ദളം: ശ്രീ ഏലൂർ അരുൺദേവ് വാര്യർ, ശ്രീ തിരുവില്വാമല ശ്രീജിത്ത്**







## 2022 ഫെബ്രുവരി 1 2 (1197 മകരം 29) ശനി



| | |
|---|---|
| കാലത്ത് 4 ന് | നടതുറക്കൽ ശേഷം മുളപൂജ, ഉഷഃപൂജ, ശീവേലി |
| | **ചെമ്പമേളം – ശ്രീ. പഴുവിൽ രഘുമാരാർ** |
| | നവകം, പഞ്ചഗവ്യം, ഉച്ചപൂജ, ശ്രീഭൂതബലി. |
| ഉച്ചതിരിഞ്ഞ് 4ന് | കാഴ്ചശീവേലി |
| വൈകീട്ട് | ദീപാരാധന, മുളപൂജ, അത്താഴപൂജ, ശ്രീഭൂതബലി കഴിഞ്ഞ് വിളക്കെഴുന്നള്ളിപ്പ് തൃപുടതാളത്തിൽ സകലവാദ്യത്തോടെ കൊട്ടി പുറപ്പെട്ട് വിളക്കാചാരം കൊട്ടി വെച്ച് കൊടിമരത്തിന്റെ മുമ്പിൽ പഴുക്കാമണ്ഡപത്തിൽ എഴുന്നള്ളിച്ചു വെച്ചാൽ അടിയന്തിര കേളിയും വിസ്തരിച്ച കൊമ്പുപറ്റും അടിയന്തിര കുഴൽപറ്റും കഴിഞ്ഞാൽ ആനപ്പുറത്തേക്ക് എഴുന്നള്ളിച്ച് മേളത്തോടു കൂടി പ്രദക്ഷിണം തുടർന്ന് ഏകതാളപ്രദക്ഷിണം, ഒരു കീർത്തനം അഷ്ടപദിക്കു ശേഷം സകലവാദ്യത്തോടുകൂടിയ ഇടയ്ക്ക പ്രദക്ഷിണം വലംതലയോടുകൂടിയ നാദസ്വരപ്രദക്ഷിണം. |
| രാത്രി 8.15ന് | **കൊമ്പുപറ്റ് - ശ്രീ. മച്ചാട് മണികണ്ഠൻ മുതൽ പേർ** |



## 2022 ഫെബ്രുവരി 13 (1197 കുംഭം 1) ഞായർ



| | |
|---|---|
| കാലത്ത് 4 ന് | നടതുറക്കൽ ശേഷം മുളപൂജ, ഉഷഃപൂജ, ശീവേലി |
| | **അടന്തമേളം – ശ്രീ. പെരുവനം സതീശൻ മാരാർ** |
| | നവകം, പഞ്ചഗവ്യം, ഉച്ചപൂജ, ശ്രീഭൂതബലി |
| ഉച്ചതിരിഞ്ഞ് 4 ന് | കാഴ്ചശീവേലി |
| വൈകീട്ട് | ദീപാരാധന, മുളപൂജ, അത്താഴപൂജ, ശ്രീഭൂതബലി കഴിഞ്ഞ് വിളക്കെഴുന്നള്ളിപ്പ് തൃപുടതാളത്തിൽ സകലവാദ്യത്തോടെ കൊട്ടി പുറപ്പെട്ട് വിളക്കാചാരം കൊട്ടി വെച്ച് കൊടിമരത്തിന്റെ മുമ്പിൽ പഴുക്കാമണ്ഡപത്തിൽ എഴുന്നള്ളിച്ചു വെച്ചാൽ അടിയന്തിര കേളിയും അടിയന്തിര കൊമ്പുപറ്റും വിസ്തരിച്ച കുഴൽപറ്റും കഴിഞ്ഞാൽ ആനപ്പുറത്തേക്ക് എഴുന്നള്ളിച്ച് മേളത്തോടു കൂടി പ്രദക്ഷിണം തുടർന്ന് ഏകതാളപ്രദക്ഷിണം, ഒരു കീർത്തനം അഷ്ടപദിക്കു ശേഷം ഇടയ്ക്ക പ്രദക്ഷിണം വലംതലയോടു കൂടിയ നാദസ്വരപ്രദക്ഷിണം. |
| രാത്രി 8.15ന് | **കുഴൽപറ്റ്** |
| | **കുറുംകുഴൽ: ശ്രീ പനമണ്ണ മനോഹരൻ,** |
| | **ശ്രീ പനമണ്ണ മഹേഷ്** |
| | **ചെണ്ട: ശ്രീ കല്ലൂർ ഉണ്ണികൃഷ്ണൻ മാരാർ** |







**2022 ഫെബ്രുവരി 14 (1197 കുംഭം 2) തിങ്കൾ**

# അഞ്ചാം വിളക്ക്



കാലത്ത് — മുളപൂജ, ഉഷഃപൂജ, ശീവേലി

**അഞ്ചടന്തമേളം – ശ്രീ. തിരുവല്ല രാധാകൃഷ്ണൻമാരാർ**

നവകം, പഞ്ചഗവ്യം, ഉച്ചപൂജ, ശ്രീഭൂതബലി.

ഉച്ചതിരിഞ്ഞ് 4 ന് — കാഴ്ചശീവേലി

വൈകീട്ട് — ദീപാരാധന, മുളപൂജ, അത്താഴപൂജ, ശ്രീഭൂതബലി കഴിഞ്ഞ് വിളക്കെഴുന്നള്ളിപ്പ് തൃപുടതാളത്തിൽ സകലവാദ്യത്തോടെ കൊട്ടി പുറപ്പെട്ട് വിളക്കാചാരം കൊട്ടി വെച്ച് കൊടിമരത്തിന്റെ മുമ്പിൽ പഴുക്കാമണ്ഡപത്തിൽ എഴുന്നള്ളിച്ചു വെച്ചാൽ അടിയന്തിര കേളിയും അടിയന്തിര കൊമ്പുപറ്റും അടിയന്തിര കുഴൽപറ്റും കഴിഞ്ഞാൽ ആനപ്പുറത്തേക്ക് എഴുന്നള്ളിച്ച് മേള പ്രദക്ഷിണം തുടർന്ന് ഏകതാളപ്രദക്ഷിണം, ഒരു കീർത്തനം അഷ്ടപദി, വിശേഷാൽ ഇടയ്ക്ക പ്രദക്ഷിണം, സകലവാദ്യ പ്രദക്ഷിണം.



രാത്രി 9.30ന് — **സ്പെഷ്യൽ നാദസ്വരം, ഇടയ്ക്ക പ്രദക്ഷിണം**

**നാദസ്വരം – സർവ്വശ്രീ ഗുരുവായൂർ മുരളി, വടശ്ശേരി ദാസൻ, മരുത്തോർവട്ടം ബാബു**

**ഇടയ്ക്ക – സർവ്വശ്രീ തിച്ചൂർ മോഹനൻ, പനമണ്ണ ശശി, തിരുവില്വാമല ജയൻ, പെരുവനം വിനു പരമേശ്വരൻ**



**2022 ഫെബ്രുവരി 15 (1197 കുംഭം3) ചൊവ്വ**

# ഉത്സവബലി

കാലത്ത് 4 ന് — നടതുറക്കൽ ശേഷം മുളപൂജ, ഉഷഃപൂജ, ശീവേലി

**ധ്രുവം മേളം – ശ്രീ. ചേറൂർ രാജപ്പൻ മാരാർ**

നവകം, പഞ്ചഗവ്യം, ഉച്ചപൂജ,

**ഉത്സവബലി (മാതൃക്കൽ ദർശനം പ്രധാനം)**

ഉച്ച തിരിഞ്ഞ് 4 ന് — കാഴ്ചശീവേലി, ദീപാരാധന, മുളപൂജ, അത്താഴപൂജ, ശ്രീഭൂതബലി കഴിഞ്ഞ് വിളക്കെഴുന്നള്ളിപ്പ് തൃപുടതാളത്തിൽ സകലവാദ്യത്തോടു കൂടി കൊട്ടി പുറപ്പെട്ട് വിളക്കാചാരത്തോടു കൂടി കൊടിമരത്തിന്റെ മുമ്പിൽ പഴുക്കാമണ്ഡപത്തിൽ എഴുന്നള്ളിച്ചു വെച്ചാൽ വിസ്തരിച്ച

രാത്രി 8.15ന് — **ഡബ്ബിൾ തായമ്പക**

**ശ്രീ മട്ടന്നൂർ ശ്രീകാന്ത്, ശ്രീ ചിറയ്ക്കൽ നിധീഷ്**

അടിയന്തിര കേളി, അടിയന്തിര കൊമ്പുപറ്റ്, മേള പ്രദക്ഷിണം തുടർന്ന് ഏകതാളപ്രദക്ഷിണം, ഒരു കീർത്തനം അഷ്ടപദിയോടുകൂടിയ സകലവാദ്യ പ്രദക്ഷിണം, വലംതലയോടുകൂടിയ നാദസ്വര പ്രദക്ഷിണം.







## 2022 ഫെബ്രുവരി 16 (1197 കുംഭം 4) ബുധൻ — പള്ളിവേട്ട

വീക്കം
ശ്രീ പെരുവനം ഗോപാലകൃഷ്ണൻ



കാലത്ത് 4 ന് — നടതുറക്കൽ ശേഷം മുളപൂജ, ഉഷഃപൂജ, ശീവേലി


രാവിലെ 8 ന് — **പത്ത് നാഴിക പഞ്ചാരി മേളം**

**പത്മശ്രീ പെരുവനം കുട്ടൻ മാരാർ**



നവകം, പഞ്ചഗവ്യം, ഉച്ചപൂജ, ശ്രീഭൂതബലി.

കുഴൽ
ശ്രീ കീഴൂട്ട് നന്ദൻ




ഉച്ചതിരിഞ്ഞ് 4 ന് — കാഴ്ചശീവേലി

ദീപാരാധന, മുളപൂജ, അത്താഴപൂജ, ശ്രീഭൂതബലി, ഗ്രാമബലി, **പള്ളിവേട്ടക്ക് എഴുന്നള്ളിപ്പ്.**

വടക്കുന്നാഥക്ഷേത്രത്തിലെ കിഴക്കെ ഗോപുരത്തിനരികിലായി ക്ഷേത്ര മതിൽക്കെട്ടിനു പുറത്ത് നിൽക്കുന്ന പേരാൽ ചുവട്ടിൽ പള്ളിവേട്ട ക്കുശേഷം ഘോഷത്തോടു കൂടി **പാണ്ടിമേളത്തിന്റെ അകമ്പടിയാൽ ഏഴാനപ്പുറത്ത് തിരിച്ചെഴുന്നള്ളത്ത്,** ശേഷം തൃപുട കൊട്ടി അകത്ത് പ്രവേശിച്ച് ഏഴുപ്രദക്ഷിണത്തിനു ശേഷം പള്ളിക്കുറുപ്പ്.

ഇലത്താളം
ശ്രീ ചേർപ്പ് നന്ദനൻ



രാത്രി 8.30ന് — **പാണ്ടിമേളം – പത്മശ്രീ പെരുവനം കുട്ടൻമാരാർ**

## 2022 ഫെബ്രുവരി 17 (1197 കുംഭം5) വ്യാഴം — ആറാട്ട്



കാലത്ത് 6 ന് — നടതുറക്കൽ ശേഷം പള്ളിയുണർത്തൽ, ഉഷഃപൂജ, ശീവേലി

ശേഷം — **പഞ്ചാരിമേളം**

**ശ്രീ. കേളത്ത് അരവിന്ദാക്ഷൻ മാരാർ**

നവകം, പഞ്ചഗവ്യം, ഉച്ചപൂജ.

ഉച്ചതിരിഞ്ഞ് 4 ന് — ആറാട്ടുബലി കഴിച്ച് ആറാട്ടെഴുന്നള്ളത്ത്, **വടക്കുന്നാഥക്ഷേത്രത്തിലെ ചന്ദ്ര പുഷ്ക്കരണി തീർത്ഥക്കുളത്തിൽ ആറാട്ട്,** കടവിൽ ദീപാരാധന കഴിച്ച് സർവ്വാഭ രണവിഭൂഷിതയായി ആഢ്യത്വത്തോടുകൂടി **ഏഴാനപ്പുറത്ത് പഞ്ചവാദ്യത്തിന്റെ അകമ്പടിയോടെ തിരിച്ചെഴുന്നള്ളത്ത്,,** ക്ഷേത്രഗോപുര നടയിൽ എത്തിയാൽ പാണ്ടിമേളം കൊട്ടിക്കലാശിച്ച് തൃപുട കൊട്ടി അകത്തു പ്രവേശിച്ച് ഒൻപത് ക്ഷേത്ര പ്രദക്ഷിണം ചെയ്ത് കൊടിമരച്ചുവട്ടിലെത്തി ഭഗവതിയുടെ സാന്നിധ്യത്തിൽ കൊടി യിറക്കി ശ്രീലകത്തു ചെന്ന് ഇരുപത്തിയഞ്ചു കലശം, അത്താഴപൂജക്കു ശേഷം ശ്രീഭൂതബലി കഴിച്ച് തിരുവുത്സവം സമാപിക്കുന്നു.

രാത്രി 7.30ന് — **പഞ്ചവാദ്യം: സർവ്വശ്രീ പരയ്ക്കാട് തങ്കപ്പൻ മാരാർ, കുനിശ്ശേരി ചന്ദ്രൻ മുതൽപേർ**



| മദ്ദളം | കൊമ്പ് | ഇലത്താളം | ഇടയ്ക്ക |
| --- | --- | --- | --- |
| ശ്രീ കുനിശ്ശേരി ചന്ദ്രൻ | ശ്രീ മച്ചാട് രാമചന്ദ്രൻ | ശ്രീ പാഞ്ഞാൾ വേലുക്കുട്ടി | ശ്രീ തിരുവില്വാമല ജയൻ |













# മുഖ്യ കാർമ്മികത്വം വഹിക്കുന്നവർ

| | | |
|---|---|---|
| ക്ഷേത്രം തന്ത്രി | : | ബ്രഹ്മശ്രീ പുലിയന്നൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് |
| ആചാര്യൻ | : | ബ്രഹ്മശ്രീ അണ്ടലാടി ദിവാകരൻ നമ്പൂതിരിപ്പാട് |
| സ്ഥപതി | : | ബ്രഹ്മശ്രീ വേഴപ്പറമ്പ് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് (Late) |
| | | ബ്രഹ്മശ്രീ വേഴപ്പറമ്പ് ചിത്രഭാനു നമ്പൂതിരിപ്പാട് |
| | | ബ്രഹ്മശ്രീ വേഴപ്പറമ്പ് വാസുദേവൻ നമ്പൂതിരിപ്പാട് |
| | | ശ്രീ. കൊടുങ്ങല്ലൂർ ശങ്കരൻ തമ്പുരാൻ |
| മേൽശാന്തി | : | ശ്രീ. കരകന്നൂർ വടക്കേടത്ത് വാസുദേവൻ നമ്പൂതിരി |
| ദേവജ്ഞൻ | : | ശ്രീ. കൂറ്റനാട് രാവുണ്ണി പണിക്കർ, |
| ദാരുശില്പി | : | ശ്രീ. എളവള്ളി നന്ദൻ ആചാരി |
| സ്വർണ്ണധ്വജം | | |
| മുഖ്യശില്പി | : | ശ്രീ. പരുമല അനന്തൻ ആചാരി |
| | | ശ്രീ. പരുമല അനു അനന്തൻ |
| ശില്പികൾ | : | ശ്രീ. ബാലകൃഷ്ണൻ ആചാരി, മധുര |
| | | ശ്രീ. തൃപ്പല്ലൂർ സദാശിവൻ ആചാരി, ചെങ്ങന്നൂർ |



ക്ഷേത്രം തന്ത്രി
ബ്രഹ്മശ്രീ പുലിയന്നൂർ
കൃഷ്ണൻ നമ്പൂതിരിപ്പാട്



ആചാര്യൻ
ബ്രഹ്മശ്രീ അണ്ടലാടി
ദിവാകരൻ നമ്പൂതിരിപ്പാട്



മേൽശാന്തി
ശ്രീ. കരകന്നൂർ വടക്കേടത്ത്
വാസുദേവൻ നമ്പൂതിരി



കോമരം
ശ്രീ. കല്ലാറ്റ്
കേശവൻകുട്ടി കുറുപ്പ്





# ഉത്സവം വഴിപാടുകൾ

| | | |
|---|---|---|
| 1. | ശീവേലി (ഉഷഃപൂജ) | 2,500 |
| 2. | ഒരു ദിവസത്തെ പൂജ | 10,000 |
| 3. | ശ്രീഭൂതബലി | 5,000 |
| 4. | നിറമാല | 10,000 |
| 5. | സമ്പൂർണ്ണ വിളക്ക് തെളിയിക്കൽ | 15,000 |
| 6. | വിളക്കാചാരം | 5,000 |
| 7. | കൊമ്പ് പറ്റ് | 1,000 |
| 8. | കുഴൽ പറ്റ് | 1,000 |
| 9. | കേളി | 2,000 |
| 10. | മേളപ്രദക്ഷിണം | 10,000 |
| 11. | ഇടയ്ക്ക പ്രദക്ഷിണം | 5,000 |
| 12. | നാദസ്വരം | 3,000 |
| 13. | അഹസ്സ് | 25,000 |
| 14. | അഹസ്സ് വഴിപാട് | 2,500 |
| 15. | ഉത്സവബലി | 50,000 |
| 16. | ഒരു ദിവസത്തെ മേളം | 50,000 |
| 17. | ഒരു നേരത്തെ മേളം | 20,000 |
| 18. | പള്ളിക്കുറുപ്പ് ചമയങ്ങൾ | 2,000 |
| 19. | കോലത്തിന്മേൽ മാല | 2,000 |
| 20. | കൊടിക്കയറും കൊടിക്കൂറയും | 20,000 |
| 21. | അന്നദാനത്തിന് ഒരു ചാക്ക് അരി | 3,000 |
| 22. | തിരുവുടയാട | 1,000 |
| 23. | ഓണപ്പുടവ | 10,000 |
| 24. | സോപാനത്തിൽ അഷ്ടപദി | 3,000 |
| 25. | കലശക്കുടം (ഒന്ന്) | 1,001 |
| 26. | കൂട്ടാനകൾ (ഒരാനക്ക്) | 5,000 |
| 27. | തിടമ്പ് എഴുന്നള്ളിക്കുന്ന ആന | 10,000 |
| 28. | ആനയൂട്ട് | 3,000 |
| 29. | പുഷ്പാലങ്കാരം | 20,000 |
| 30. | ഊട്ടുപുര ഒരു നേരത്തെ ഭക്ഷണം | 10,000 |
| 31. | ദക്ഷിണ | 10,000 |

**വഴിപാടുകൾ ഓൺലൈനായി ബുക്ക് ചെയ്യാവുന്നതാണ്**

**www.paramekkavudevaswom.com ● E- mail:paramekkavil@gmail.com**
**info@paramekkavudevaswom.com ● Mobile App : 'Paramekkavu'**